സൗജന്യ പുസ്തക വിതരണം

91 (1401) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. മോഹൻകുമാർ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് പാഠപുസ്തകങ്ങൾ സൗജന്യമായി നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ക്ലാസ്സുകളിലെ പുസ്തകങ്ങൾ എന്നും എത്ര വിദ്യാർത്ഥികൾക്ക് സൗജന്യമായി പുസ്തക വിതരണം നടത്തിയെന്നും വ്യക്തമാക്കുമോ ;

(സി) അതിന് എന്ത് തുക ചെലവായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് സ്കൂളികളിലേയും എയിഡഡ് സ്കൂളികളിലേയും ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും പുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു. കൂടാതെ 2 മുതൽ 8 വരെ ക്ലാസുകളിലെ എല്ലാ പെൺകുട്ടികൾക്കും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ആൺകുട്ടികൾക്കും എസ്.എസ്.എ. പദ്ധതി പ്രകാരവും സൗജന്യമായി പാഠപുസ്തകം നൽകി വരുന്നുണ്ട്. സൗജന്യ വിതരണം പൂർത്തിയായിട്ടില്ലാത്തതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

(സി) സൗജന്യ വിതരണം പൂർത്തിയായിട്ടില്ലാത്തതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്ന ടൂറിസം ക്ലബുകൾക്കുള്ള സാമ്പത്തിക സഹായം

92 (1402) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്കൂളുകളിൽ പ്രവർത്തിച്ചു വരുന്ന ടൂറിസം ക്ലബുകളുടെ പ്രവർത്തനം ഗവൺമെന്റ് മോണിറ്ററിംഗ് നടത്താറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly